## –സംസ്ഥാനതല വനസംരക്ഷണ കൺവെൻഷൻ–പോത




PRINTED MATTER - BOOK - POST

To

ശ്രീ C. C. മാത്യു
അഡ്വക്കേറ്റ്
സുൽത്താൻബത്തേരി

### പരിപാടി

**18–5–1985**

2 p. m. – ചുങ്കത്തറ ഒന്നാം റേഞ്ചിൽ വനംകൊള്ള നടക്കുന്ന സ്ഥലങ്ങളുടെ സന്ദർശനം
- ടീം ഒന്ന് – അപ്പൻകാപ്പ് ബീററിലേക്ക്
- ടീം രണ്ട് – മലാങ്കുണ്ട് ബീററിലേക്ക്
- ടീം മൂന്ന് – മാളകം വാണിയമ്പലം ബീററിലേക്ക്

7 p. m. – പൊതു സമ്മേളനം – പോത്തുകല്ല് അങ്ങാടി

9 p. m. – വനസംരക്ഷണം എന്തിന്? - ക്ലാസ് – ശ്രീ. എം. കെ. പ്രസാദ്

**19–5–1985**

9 a. m – റിപ്പോർട്ടിങ്ങ് - വിവിധ ജില്ലകളിലെ സ്ഥിതി

11 a. m. – വനം എങ്ങിനെ സംരക്ഷിക്കാം? ചർച്ചകൾ

3 p. m. – സമാപന സമ്മേളനം - ചർച്ചകളിലെ തീരുമാനങ്ങളുടെ ഏകോപനം വനസേന രൂപീകരണം

**കുറിപ്പ്:-**

1. പോത്തുകല്ല് ഞെട്ടിക്കുളം സ്ക്കൂളിലാണ് കൺവെൻഷൻ നടക്കുന്നത്. നിലമ്പൂർ നിന്ന് മുണ്ടേരി പോത്തുകല്ല് ബസ്സിൽ ഞെട്ടിക്കുളത്തിറങ്ങണം.
2. വനംകൊള്ള നടക്കുന്ന സ്ഥലം നേരിൽ കാണണമെന്നുള്ളവർ ഒന്നാം ദിവസം കൃത്യം 2 മണിക്ക് തന്നെ ഞെട്ടിക്കുളത്തെത്തണം.
3. ഭക്ഷണ പാർപ്പിട സൗകര്യങ്ങൾ ഏർപ്പാടുചെയ്തിട്ടുണ്ട്. പോത്തുകല്ല് ഒരു വനമേഖലയായതിനാൽ പങ്കെടുക്കുന്ന വിവരം നേരത്തേ അറിയിച്ചാൽ സൗകര്യങ്ങൾ ഏർപ്പാടുചെയ്യുന്നതിന്ന് സഹായകമായിരിക്കും.

വിലാസം
**കെ. കെ. രാധാകൃഷ്ണൻ**
ശാസ്ത്ര സാഹിത്യ പരിഷത്ത്,
ചുങ്കത്തറ.

### സംസ്ഥാനതല

# വനസംരക്ഷണ കൺവെൻഷൻ

## 1985 മേയ് 18, 19 തീയതികളിൽ

## പോത്തുകല്ലിൽ

---

സുഹൃത്തേ,

നമ്മുടെ വനം ഒട്ടുമുക്കാലും തീർന്നു കഴിഞ്ഞു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനമനുസരിച്ചുള്ള പതിനഞ്ചേക്കർ ദാനവും കൂടി കഴിയുമ്പോൾ മലബാർ മേഖലയിൽ സ്വകാര്യവനം ശൂന്യമാവും. തിരുക്കൊച്ചി ഭാഗത്ത് പരിക്ക പററിയത് മുഴുവൻ റിസർവ് വനങ്ങൾക്കാണ്. ഇടുക്കിയിൽ കാടേ ഇല്ലാതായി. കേരളമൊട്ടുക്കും വൻതോതിൽ വനംകൊള്ള ഇപ്പോഴും നടക്കുന്നു.

വനസംരക്ഷണത്തിൽ തല്പരരായ ഏറെ വ്യക്തികളും പ്രസ്ഥാനങ്ങളും നമുക്കുണ്ട്. പരിസ്ഥിതി സംരക്ഷണസമിതി, ജില്ലകൾ തോറുമുള്ള വനസംരക്ഷണ സമിതികൾ, സീക്ക്, ശാസ്ത്ര സാഹിത്യ പരിഷത്ത് ഇവ അവയിൽ പ്രധാനങ്ങളാണ്. ഇവയുടെ ഒററപ്പെട്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക വഴി വനസംരക്ഷണത്തിന്ന് ഫലപ്രദമായ ഒരു ജനകീയ സംരംഭത്തിന് തുടക്കമിട്ടേ മതിയാവൂ. കൺവെൻഷൻെറ മുഖ്യ ലക്ഷ്യവും അതാണ്.

സർവ്വശ്രീ. **എൻ. വി. കൃഷ്ണവാര്യർ, എം. പി. വീരേന്ദ്രകുമാർ, സുഗതകുമാരി, കടമ്മനിട്ട, തിക്കൊടിയൻ, എം. കെ. പ്രസാദ്, പി. ബാലഗംഗാധരമേനോൻ, ഡോ. കെ. ഉണ്ണികൃഷ്ണൻ, സി. ജി. ശാന്തകുമാർ** തുടങ്ങി ഇന്നാട്ടിലെ സാമൂഹ്യ പ്രവർത്തകരായ ഒട്ടേറെ വ്യക്തികൾ കൺവെൻഷനിൽ സംബന്ധിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

നാടിനെ നാശത്തിൻെറ വക്കത്തെത്തിച്ചിരിക്കുന്ന ക്രൂരമായ ഈ വനംകൊള്ളക്കെതിരെ കൂട്ടായി ചിന്തിക്കാൻ താങ്കളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. വരൂ, പങ്കെടുക്കൂ.

പരിപാടികൾ അന്യത്ര

സ്നേഹാദരങ്ങളോടെ,

**ടി. കെ. ഹംസ M. L. A.**
ചെയർമാൻ
സ്വാഗതസംഘം.

**എസ്. പ്രഭാകരൻ നായർ**
കൺവീനർ
സ്വാഗതസംഘം.